**No. CEE/4600/2019/KEAM-2020/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

## മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള (എം.ബി.ബി.എസ്, ബി.ഡി.എസ്, സിദ്ധ കോഴ്സുകൾ ഒഴികെ) അലോട്ട്മെന്റ്

## ഓപ്ഷൻ കൺഫർമേഷനും, ഓപ്ഷൻ രജിസ്ട്രേഷനുമുള്ള അവസരം

2020–ലെ അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിലേക്കും ആയുർവേദ, ഹോമിയോ കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിലേക്കും, യുനാനി കോഴ്സിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ **03.01.2021–ന്** വൈകുന്നേരം മുതൽ ആരംഭിക്കുന്നതാണ്. പങ്കജകസ്തൂരി ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം, പി.എൻ. പണിക്കർ സൗഹൃദ ആയുർവ്വേദ മെഡിക്കൽ കോളേജ്, കാസറഗോഡ് എന്നീ കോളേജുകളിലെ ബി.എ.എം.എസ് കോഴ്സിലേയ്ക്കും മർക്കസ് യുനാനി മെഡിക്കൽ കോളേജ്, കോഴിക്കോട് എന്ന കോളേജിലെ യുനാനി കോഴ്സിലേയ്ക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

സംസ്ഥാനത്തെ സ്വാശ്രയ യുനാനി മെഡിക്കൽ കോളേജിലെ ബി.യു.എം.എസ് കോഴ്സിന്റെ 15% അഖിലേന്ത്യാ ക്വാട്ടാ സീറ്റുകളിലേയ്ക്കും 01.12.2020 ലെ A3/330/2020/Ayush നമ്പർ ആയുഷ് (എ) വകുപ്പിന്റെ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ ആയിരിക്കും അലോട്ട്മെന്റ് നടത്തുന്നത്. ഈ ഘട്ടത്തിൽ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച സംസ്ഥാന ആയുർവേദ റാങ്ക് ലിസ്റ്റ് പ്രകാരം ജനന സ്ഥലം പരിഗണിക്കാതെയായിരിക്കും.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:**

ആയുർവേദ/ഹോമിയോ/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/ കോഴ്സ് എന്നിവയിലേക്ക് ആവശ്യമുള്ള പക്ഷം ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **03.01.2021 മുതൽ 06.01.2021, രാവിലെ 10.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

**03.01.2021 മുതൽ 06.01.2021, രാവിലെ 10.00 മണി** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് **07.01.2021–ന്** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) **08.01.2021 മുതൽ 12.01.2021, 3.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ്/ ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **08.01.2021 മുതൽ 12.01.2021, വൈകുന്നേരം 3.00 മണിക്ക്** മുൻപായി പ്രവേശനം നേടേണ്ടതാണ്.

ഓപ്ഷൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദമായ വിജ്ഞാപനവും പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
03.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**